9. ഗാന്ധിവനം റിസർവ് ഏരിയയിൽ ഇക്കോ ടൂറിസം പദ്ധതിയുടെയും പള്ളിത്തോട് കേന്ദ്രീകരിച്ച് പക്ഷി സംരക്ഷണ പരിപാടികളുടെ സാധ്യത പ്രയോജനപ്പെടുത്തും.

(ബി) കാവുകൾ സംരക്ഷിക്കുന്നതിനും തരിശായ പൊതുസ്ഥലങ്ങളിൽ ചെറിയ വനങ്ങൾ സൃഷ്ടിക്കുന്നതിനും കായലോരങ്ങളിൽ മണ്ണൊലിപ്പ് തടയുന്നതിന് വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

1. കാവ് സംരക്ഷണത്തിനായി ദീർഘകാല അടിസ്ഥാനത്തിൽ ഉടമകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്.

2. സ്കൂളുകളിൽ ഫോറസ്ട്രി ക്ലബ്ബിന്റെ സഹായത്തോടെ ചെറു വനങ്ങളുടെ മാതൃകയിൽ വിദ്യാവനങ്ങൾ തയ്യാറാക്കി വരുന്നുണ്ട്.

3. വേമ്പനാട് വെറ്റ്-ലാന്റ് കൺസർവേഷൻ പദ്ധതിയുടെ ഭാഗമായി തണ്ണീർത്തടങ്ങളുടെ അരികിൽ മണ്ണൊലിപ്പ് തടയുന്നതിനായി രാമച്ചം വച്ചുപിടിപ്പിക്കുന്ന നടപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കിവരുന്നു.

ലക്കിടി ചെക്ക്പോസ്റ്റ് വഴി പരിശോധന

138 (444) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 3-2-2021-ന് സൂര്യ ടിംബേഴ്സ് എന്ന സ്ഥാപനത്തിന്റെ മരം കൊണ്ടുപോകുന്ന വാഹനം ലക്കിടി ചെക്ക്പോസ്റ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്താമോ?

ഇല്ല. പ്രസ്തുത വാഹനം പരിശോധനയ്ക്ക് വിധേയമാക്കാതെയാണ് ചെക്ക് പോസ്റ്റ് വഴി കടന്നുപോയിട്ടുള്ളതെന്ന് അന്വേഷണത്തിൽ ബോധ്യമായിട്ടുണ്ട്. ചെക്ക് പോസ്റ്റ് ജീവനക്കാരുടെ കൃത്യവിലോപമാണെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത ദിവസം ജോലിയിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരെ സസ്പെൻഡ് ചെയ്തിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ടി വിഷയവുമായി ബന്ധപ്പെട്ട അച്ചടക്ക നടപടിയുടെ ഭാഗമായി ചെക്ക് പോസ്റ്റിൽ അന്നേ ദിവസം ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു സെക്ഷൻ ഫോറസ്റ്റ് ഓഫീസറേയും ഒരു ബീറ്റ് ഫോറസ്റ്റ് ഓഫീസറെയും അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിട്ടുണ്ട്. സർക്കാരിലേയ്ക്ക് നിക്ഷിപ്തമാക്കിയ ഈട്ടിത്തടികൾ പരിശോധനയ്ക്ക് വിധേയമാക്കാതെ കടത്തി വിട്ടതുവഴി കൃത്യ നിർവ്വഹണത്തിൽ വീഴ്ച വരുത്തിയതിനാലാണ് ടിയാൻമാരെ സസ്പെൻഡ് ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly